# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1497**.

**06-03-2017 ൽ മറുപടിയ്ക്ക്**

## നെല്ലിന് താങ്ങ് വില

**ചോദ്യം**
ശ്രീ.മുഹമ്മദ് മുഹസിൻ പി.

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകൻ സ്വയം ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്ന നെല്ലിന് താങ്ങുവില ലഭിക്കുന്നത് നെല്ലുല്പാദനരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കും എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില (കിലോയ്ക്ക് 14.70) കേരളത്തിലെ ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായതിനാൽ സംസ്ഥാന സർക്കാർ വിഹിതം കൂടി നൽകി കേന്ദ്ര നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 22.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയുള്ള നെല്ല് സംഭരണ പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംഭരണവില ലഭിക്കുന്നതാണ്. |
| (ബി) | പട്ടാമ്പിയിൽ തരിശു കിടക്കുന്ന നെൽകൃഷിക്ക് അനുയോജ്യമായിട്ടുള്ളതും മറ്റു പച്ചക്കറി കൃഷികൾ നടത്തുന്നതിന് അനുയോജ്യമായിട്ടുള്ളതുമായ കൃഷി ഭൂമികളുടെ തരംതിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | പട്ടാമ്പിയിൽ നെൽകൃഷിക്ക് അനുയോജ്യമായിട്ടുള്ള 319 ഹെക്ടറും, പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യമായിട്ടുള്ള (മൂന്നാം വിള) 80 ഹെക്ടറും തരിശു ഭൂമി നിലവിലുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ